CONSUMERFED

Kerala State Co.operative Consumers' Federation Ltd.
Gandhi Nagar, Ernakulam, Kochi-682 020

Tel: 2203507, 2203652, 2203256 Fax: 91-484-2203796
E-mail:econsumerfed@gmail.com, Website: www.consumerfed.net

CFED/ESD-8/11940/70/2021-22

08.11.2021

## സർക്കുലർ-6/2021

**വിഷയം:- എംപ്ലോയീസ് പ്രൊവിഡണ്ട് ഫണ്ട് ആനുകൂല്യങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ച്-**

എംപ്ലോയീസ് പ്രൊവിഡണ്ട് ഫണ്ടിൽ അംഗത്വമുള്ള സർവീസിൽ നിന്നും വിരമിക്കുകയും, രാജി വയ്ക്കുകയും ചെയ്ത ജീവനക്കാർക്കും, സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്കും പി.എഫ് ൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

**a) സർവീസിൽ നിന്നും വിരമിക്കുകയോ, രാജി വയ്ക്കുകയോ ചെയ്യുമ്പോൾ പി.എഫ് ൽ നിന്നും തുക തിരികെ ലഭിക്കുന്നതിനു വേണ്ടി ഹെഡോഫീസിൽ സമർപ്പിക്കേണ്ട രേഖകളും, കൈക്കൊള്ളേണ്ട നടപടികളും,**

1. വിരമിക്കുന്ന/രാജി വയ്ക്കുന്ന ജീവനക്കാരുടെ എംപ്ലോയീസ് പ്രൊവിഡണ്ട് ഫണ്ടിലെ അടിസ്ഥാന വിവരങ്ങളും KYC വിവരങ്ങളും തമ്മിൽ വ്യത്യാസമില്ലെന്ന് വിരമിക്കുന്നതിന് ഒരു മാസം മുൻപ് റീജിയണൽ ഓഫീസിൽ നിന്നും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. വിരമിച്ച / രാജി വച്ച ശേഷം ജീവനക്കാരെ പി.എഫ് ന്റെ സൈറ്റിൽ നിന്നും എക്സിറ്റ് ചെയ്യുന്നതിനായി നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷ ഹെഡോഫീസിൽ നൽകേണ്ടതാണ്. (ഫോർമാറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)
3. "ഫോം-19" എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് ഓഫീസിൽ ഓൺലൈനായി ജീവനക്കാർ സമർപ്പിക്കേണ്ടതാണ്.

**b) സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർ പി.എഫ് പെൻഷന് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

1. തൊഴിലുടമ സാക്ഷ്യപ്പെടുത്തിയ ബ്രേക്ക് ഇൻ സർവ്വീസ് സർട്ടിഫിക്കറ്റിനായി ഹെഡോഫീസിലേക്ക് ജീവനക്കാർ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. ജീവനക്കാരുടെ സർവീസ് കാലാവധി 9 വർഷവും 6 മാസത്തിലും കുറവാണെങ്കിൽ ജീവനക്കാർക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. ആയതിനാൽ പെൻഷൻ ഫണ്ടിൽ അടച്ച തുക തിരികെ ലഭിക്കുന്നതിന് വേണ്ടി ഫോം 10-C എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് ഓഫീസിലേക്ക് ഓൺലൈനായി ജീവനക്കാർ സമർപ്പിക്കേണ്ടതാണ്.
3. സർവീസ് കാലാവധി 9 വർഷവും 6 മാസത്തിനും കൂടുതൽ ആണെങ്കിൽ, പെൻഷൻ ലഭിക്കുന്നതിനായി, അക്ഷയ കേന്ദ്രം മുഖേനെ ഇ-സൈൻ, ഇ-നോമിനേഷൻ, ഫോം 10-D എന്നിവ ഓൺലൈനായി എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ടിലേക്ക് സമർപ്പിക്കേണ്ടതാണ്.

Scanned by CamScanner

4. ഇതിൻെറ ഓരോ കോപ്പി, സ്വയം സാക്ഷ്യപ്പെടുത്തിയ നോൺ എംപ്ലോയ്മെൻറ് സർട്ടിഫിക്കറ്റ്, തൊഴിലുടമ സാക്ഷ്യപ്പെടുത്തിയ ബ്രേക്ക് ഇൻ സർവീസ് സർട്ടിഫിക്കറ്റ് എന്നിവ എറണാകുളം കലൂരിൽ പ്രവർത്തിക്കുന്ന എംപ്ലോയീസ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസിൽ നേരിട്ടോ, തപാൽ മുഖേനെയോ സമർപ്പിക്കേണ്ടതാണ്. വിലാസം ചുവടെ ചേർക്കുന്നു.

റീജിയണൽ പ്രൊവിഡണ്ട് ഫണ്ട് കമ്മിഷണർ,
റീജിയണൽ പ്രൊവിഡണ്ട് ഫണ്ട് ഓഫീസ്,
കലൂർ, കൊച്ചി,
പിൻ കോഡ് 682020.

**c) പി.എഫ് ൽ അംഗത്വം ഉള്ള ജീവനക്കാർ സർവീസിൽ ഇരിക്കെ മരണപ്പെടുകയാണെങ്കിൽ അടച്ച തുക ആശ്രിതർക്ക് തിരികെ ലഭിക്കുന്നതിനും, പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനും വേണ്ടി ഹെഡോഫീസിൽ സമർപ്പിക്കേണ്ട രേഖകൾ**

1. കോംമ്പോസിറ്റ് ക്ലെയിം ഫോം.
2. ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിൻെറ ഫോർമാറ്റ് പൂരിപ്പിച്ചത്
3. ഫോം – 10
4. ഫോം – 10–D (2 copy)
5. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മരണ സർട്ടിഫിക്കറ്റിൻെറ പകർപ്പ്
6. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് (ലീഗൽ ഹെയർഷിപ്പ്)
7. അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഒന്നിലധികം പേരുണ്ടെങ്കിൽ ഒരാളെ ചുമതലപ്പെടുത്തി കൊണ്ടുള്ള മുദ്രപത്രത്തിലുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം
8. നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം ഇല്ലെങ്കിൽ എല്ലാ അനന്തരാവകാശികളുടേയും ബാങ്ക് പാസ്ബുക്കിൻെറ പകർപ്പ് (എല്ലാ അനന്തരാവകാശികളുടെയും അക്കൗണ്ട് ഒരേ ബാങ്കിൽ, ഒരേ ബ്രാഞ്ചിൽ ആയിരിക്കണം)
9. എല്ലാ അവകാശികളുടെയും ആധാർ കാർഡിൻെറ പകർപ്പ്
10. എല്ലാ അവകാശികളുടേയും പാസ്പോർട്ട് സൈസ് ഫോട്ടോ 3 കോപ്പി വീതം
11. അറ്റൻറൻസിൻെറ പകർപ്പ്

ഇക്കാര്യങ്ങളിൽ ഏവരും ശ്രദ്ധ പുലർത്തണമെന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ജീവനക്കാർക്കും ആശ്രിതർക്കും വിവരങ്ങൾ നൽകേണ്ടതും കൃത്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

**മാനേജിംഗ് ഡയറക്ടർ**

To,

എല്ലാ റീജിയണൽ മാനേജർമാർക്കും

പകർപ്പ്:-

1. അഡ്മിനിസ്ട്രേഷൻ മാനേജർ/ ഹെഡോഫീസ്
2. ജനറൽ മാനേജർ
3. ചെയർമാൻെറ മേശപ്പുറത്ത് അറിവിലേക്കായി

Scanned by CamScanner